(ബി) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന, പ്രീപ്രൈമറി കേന്ദ്രങ്ങളെ അംഗൻവാടികളാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) 2101 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഗവ. സ്കൂൾ കെട്ടിടങ്ങളിൽ, ഒഴിവുള്ളിടത്ത്, ചില നിബന്ധനകൾക്ക് വിധേയമായി, അംഗൻവാടി കേന്ദ്രങ്ങൾ നടത്തിക്കൊള്ളുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്.

വിവിധ ക്ഷേമ പെൻഷൻ കുടിശ്ശിക

60 [514] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് ഓരോന്നും തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ എന്തു തുകയാണ് കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക ക്ഷേമ പെൻഷനുകൾ കൊടുത്തു തീർക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധ്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് വിതരണം ചെയ്യുന്നത്. 12/2003 വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. 12/2003-ന് ശേഷമുള്ള പെൻഷൻ വിതരണത്തിനായി 2004-2005 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുകയായ 1890.39 ലക്ഷം രൂപ ഇതിനകം ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് പെൻഷൻ വിതരണം നടന്നു വരുന്നു. ടി പെൻഷനുകളിൽ കുടിശ്ശികയുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly